# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം: 276

23.03.2015 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

**ചോദ്യം**

**ശ്രീ. എം.വി.ശ്രേയാംസ് കുമാർ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. റോഷി അഗസ്റ്റിൻ**
**ശ്രീ. പി.സി. ജോർജ്**

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ രൂപീകരണത്തിനുശേഷം ന്യൂനപക്ഷ മതവിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് ;

**ഉത്തരം**

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി)

(എ) ന്യൂനപക്ഷ മതവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

1. സി.എച്ച്. മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് പദ്ധതി.
2. UPSC, PSC, ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് എല്ലാ ജില്ലയിലും മുസ്ലീംയുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രങ്ങൾ
3. മദ്രസ്സ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.

കൂടാതെ അതത് വർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന വിവിധ പദ്ധതികളും നടപ്പാക്കി വരുന്നു.

നടപ്പുവർഷം നടപ്പാക്കുന്ന പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക്/ വിവാഹ മോചിതർക്ക് ഭവന പദ്ധതി– വീടൊന്നിന് രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി.
2. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.
3. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വെച്ചുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (Multi Sectoral Development Programme)
4. വിവിധ സ്കോളർഷിപ്പ് പദ്ധതികൾ.
5. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി നടപ്പാക്കുന്ന വിവിധ വായ്പാ പദ്ധതികൾ.
6. ന്യൂനപക്ഷ ജനവിഭാഗത്തിന്റെ സമഗ്ര വികസനവും സംരക്ഷണവും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അതത് കാലഘട്ടങ്ങളിൽ പുറപ്പെടുവിക്കുന്ന സംരക്ഷ

വ്യവസ്ഥകളും പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാർ, പൊതുമേഖലാ സർവ്വീസുകളിൽ ന്യൂനപക്ഷ തൊഴിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഉണ്ട്. ന്യൂനപക്ഷ തൊഴിൽ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾക്ക് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിനായി എല്ലാ ജില്ലകളിലും മുസ്ലീം യുവജന പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ കരിയർ ഗൈഡൻസ് പദ്ധതിയും അഖിലേന്ത്യാ സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീസ് / ഹോസ്റ്റൽ സ്റ്റൈപ്പന്റ് റീഇംബേഴ്സ് ചെയ്യുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

(സി) പ്രസ്തുത വകുപ്പുമായി ബന്ധപ്പെട്ട സംസ്ഥാന -ജില്ല തലത്തിലുള്ള ഏകോപനവും നിയന്ത്രണവും മേൽനോട്ടവും കാര്യക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

(സി) ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സംസ്ഥാനതലത്തിലുള്ള ഏകോപനവും നിയന്ത്രണവും മേൽനോട്ടവും പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പിന് കീഴിൽ ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നിർവ്വഹിച്ച വരുന്നു.. ജില്ലാതലത്തിൽ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് ഡെപ്യൂട്ടി കളക്ടർ (ജനറൽ) ന് കീഴിൽ ഒരു എൽ.ഡി.ക്ലാർക്ക് മാത്രം ഉൾപ്പെട്ട ന്യൂനപക്ഷ സെക്ഷൻ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലകളിലെ മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രം ജീവനക്കാരെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സഹകരിപ്പിച്ചു വരുന്നു.

കൂടാതെ വകുപ്പിന് ജില്ലാതല ഓഫീസുകൾ തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ